(ബി) കോടതികളിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്ന് ഉത്തരവ് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഹൈക്കോടതിയിലെ ഡബ്ള്യൂ പി(സി) 19618/03 നമ്പർ കേസ്സിൽ 24-11-03-ൽ പുറപ്പെടുവിച്ച ഉത്തരവിൽ കോടതി വളപ്പിൽ അനുയോജ്യമായ സ്ഥലത്ത് സ്വകാര്യ വ്യക്തികൾക്ക് ഫോട്ടോകോപ്പി മെഷീൻ സ്ഥാപിക്കാൻ അനുമതി നൽകുന്നതിനു ജുഡിഷ്യൽ ഓഫീസർമാർക്ക് അനുവാദം നൽകണമെന്ന് ഉത്തരവായി.

(സി) 17-12-2003-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ. റ്റി.) 2442/03/ആഭ്യന്തരം 19-12-2003-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർ.റ്റി.)നം. 2447/03/ആഭ്യന്തരം 30-1-04-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർ. റ്റി.)നം. 286/04/ആഭ്യന്തരം എന്നിവ പ്രകാരം സംസ്ഥാനത്തെ കോടതികളിൽ സ്വകാര്യ വ്യക്തികൾക്ക് ഫോട്ടോ കോപ്പി മെഷീൻ സ്ഥാപിക്കുന്നതിനു അനുമതി നൽകാൻ ജുഡിഷ്യൽ ഓഫീസർമാർക്ക് അനുവാദം നൽകിയിട്ടുണ്ട്. ഇതിനുള്ള സീലിംഗ് നിരക്ക് 35 പൈസയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അർഹതപ്പെട്ട കേസ്സുകളിൽ സീലിംഗ് നിരക്ക് ഹൈക്കോടതി രജിസ്ട്രാറുടെ അംഗീകാരത്തോടെ വർദ്ധിപ്പിക്കാനും ഉത്തരവായിട്ടുണ്ട്.

ഫയർ സ്റ്റേഷനുകളും അവയുടെ പ്രവർത്തനവും

91 [1566] ശ്രീ. കോവൂർ കുഞ്ഞുമോൻ :

" എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം സ്ഥലങ്ങളിൽ എത്രകാലയളവിനുള്ളിൽ ആരംഭിക്കുമെന്നും വെളിപ്പെടുത്തുമോ;

(ബി) ഫയർ സ്റ്റേഷനുകളിൽ ആവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയതിനുവേണ്ടി എന്തു തുക ചെലവിട്ടു എന്നും വ്യക്തമാക്കുമോ;

(സി) സാഹസികമായ ജോലിയിൽ ഏർപ്പെടുന്ന ഫയർമാന്റെ റിസ്ക് അലവൻസ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ത് നടപടി എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഫയർമാന്റെ യൂണിഫോം അലവൻസോ മറ്റ് അലവൻസുകളോ വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 28-10-2003-ലെ ജി. ഒ. (ആർ. റ്റി.) നം. 2060/2003/ആഭ്യന്തരം പ്രകാരം പകർപ്പ് †അനുബന്ധമായി ചേർക്കുന്നു. വരുന്ന 3 വർഷത്തേക്ക് തുറക്കാനുദ്ദേശിക്കുന്ന പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ (28 എണ്ണം) ഒരു മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഫയർ സ്റ്റേഷൻ തുറക്കുന്നതിനാവശ്യമായ ഭരണാനുമതിയും വാഹനങ്ങളും മറ്റുപകരണങ്ങളും വാങ്ങുന്നതിനാവശ്യമായ ധനാനുമതിയും ലഭിക്കുന്ന മുറയ്ക്ക് ഫയർസ്റ്റേഷനുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതാണ്.

(ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്സ് വകുപ്പ് നവീകരിക്കുന്നതിന്റെ ഭാഗമായി, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10,45,00,000 രൂപ ചെലവിൽ താഴെപ്പറയും പ്രകാരമുള്ള അഗ്നിശമന വാഹനങ്ങളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

വാഹനങ്ങൾ

1.	വാട്ടർ ടെണ്ടർ	..	30	എണ്ണം
2.	മീഡിയം വാട്ടർടെണ്ടർ	..	20	,,
3.	വാട്ടർ ലോറി	..	5	,,
4.	ആംബുലൻസ്	..	27	,,
5.	ജീപ്പ്	..	19	,,
6.	മിനിബസ്	..	1	,,

ഉപകരണങ്ങൾ

1.	അമേണിയം സ്യൂട്ട്	..	40	എണ്ണം
2.	പ്രോക്സിമിറ്റി സ്യൂട്ട്	..	40	,,
3.	ചെയിൻസാ	..	20	,,
4.	ബ്രീത്തിംഗ് അപ്പാരറ്റസ്	..	20	,,
5.	പോർട്ടബിൾ പംപ്	..	18	,,
6.	ഫോം കോംപൗണ്ട്	..	4225	ലിറ്റർ
7.	കംപ്യൂട്ടർ	..	3	എണ്ണം
8.	ഫോട്ടോകോപ്പി മെഷീൻ	..	15	,,

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

9. ടയർ, ട്യൂബ്, ഡെലിവറി ഹോസ്, വയർലസ്സെറ്റ്, ഫർണിച്ചർ, യൂണി ഫോം ആർട്ടിക്കിൾസ്, ഡംഗ്രി ക്ളോത്ത് തുടങ്ങിയവ.

(സി, ഡി) പരിശോധിച്ചുവരുന്നു.

സംസ്ഥാനത്തെ ഫയർസ്റ്റേഷൻ പ്രവർത്തനം സുഗമമാക്കാൻ നടപടി

92 [1567] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫയർ സ്റ്റേഷനുകളിൽ ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ ജോലികൾ ആരാണ് ചെയ്യുന്നത് എന്നറിയിക്കുമോ;

(സി) പല ഫയർ സ്റ്റേഷനുകളിലും ഫയർമാൻമാർ ക്ളറിക്കൽ തസ്തികയിൽ ജോലി ചെയ്യുന്നതുകാരണം ഫയർസ്റ്റേഷന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ, ബി) ഉണ്ട്. ഫയർസ്റ്റേഷനുകളിൽ ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു എൽ. ഡി./യു. ഡി. ക്ളാർക്കിനെ നിയമിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേഷനുകളിൽ ക്ളർക്കുമാരുടെ അഭാവത്തിൽ ഓഫീസ് എഴുത്തു ജോലികൾ നിർവഹിക്കാൻ തെരഞ്ഞെടുത്ത ഒരു ഫയർമാനെ 'റൈറ്റർ' എന്ന പേരിൽ നിയോഗിച്ചിട്ടുണ്ട്.

(സി) ഫയർസ്റ്റേഷനുകളിൽ ഫയർമാൻമാർ ക്ളറിക്കൽ ജോലി ചെയ്യുന്നുണ്ടെങ്കിലും സ്റ്റേഷന്റെ പ്രവർത്തനം പരമാവധി സുഗമമായാണ് നടന്നു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly